പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3720 19.02.2013-ൽ മറുപടിയ്ക്ക്

## ചെറുകിട കർഷകരുടെ ഭൂമി റീ-നോട്ടിഫൈ ചെയ് ത് ഒഴിവാക്കൽ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പി. റ്റി. എ. റഹീം | | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) ഇ.എഫ്എൽ നിയമത്തിൽ ചെറു കിടകർഷകരുടെ ഭൂമി റീ - നോട്ടിഫൈ ചെയ്തു ഒഴിവാക്കുന്നതിനുള്ള നിയമഭേദഗതിക്ക് എന്നുമുത ലാണ് നിയമ പ്രാബല്യം നൽകിയിട്ടുള്ളത്; | എ) | 2003ലെ കേരള വനം (പരിസ്ഥിതി ശാസ്ത്രപരമായി ദുർബലമായ ഭൂപ്രദേശങ്ങളുടെ നിക്ഷിപ്തമാക്കലും കാര്യ കർത്തൃത്വം നടത്തിപ്പും) നിയമം 2009 ൽ ഭേദഗതി വരുത്തി 20.08.2009 മുതൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പ്രസ്തുത ഭേദഗതി നിയമത്തിന്റെ വകുപ്പ് 10 എ പ്രകാരം 02.06.2000 ൽ 2 ഹെക്ടറിൽ കൂടുതൽ അല്ലാത്ത വിസ്തൃതിയുള്ള ഭൂമിയുടെ ഉടമസ്ഥർക്ക് അപേക്ഷ സമർപ്പിക്കുവാൻ അർഹതയുണ്ട്. ഇപ്രകാരം ലഭിക്കുന്ന അപേക്ഷകൾ വകുപ്പ് 10 ബി പ്രകാരമുള്ള കമ്മിറ്റി സ്ഥലപരിശോധന നടത്തി സർക്കാരിലേക്ക് നൽകുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ എടുക്കുന്ന അന്തിമ തീരുമാനത്തിന് അനുസൃതമായിട്ടായിരിക്കും എത്ര ഹെക്ടർ സ്ഥലം ഏതെല്ലാം കർഷകർക്ക് തിരികെ ലഭിക്കുവാൻ അർഹതയുണ്ടെന്നു നിർണ്ണയിക്കപ്പെടുന്നത്. |
| ബി) എത്ര അപേക്ഷകളാണ് ഇതുവരെ ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ; | ബി) | ഇ.എഫ്.എൽ നിയമം വകുപ്പ്10 (എ) പ്രകാരം ഇതുവരെ 1050 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.<br>കോട്ടയം - 55,<br>ഇടുക്കി- 146,<br>തൃശ്ശൂർ - 44,<br>പാലക്കാട് - 531,<br>മലപ്പുറം- 24,<br>കോഴിക്കോട് - 151,<br>വയനാട് - 73,<br>കണ്ണൂർ - 26 |

സി) എത്ര അപേക്ഷകളിന്മേൽ അന്വേഷണം പൂർത്തിയാക്കിയിട്ടുണ്ട് ;

സി) ലഭ്യമായ 1050 അപേക്ഷകളിൽ നിരസിച്ച 605 അപേക്ഷകൾ കഴിച്ച ബാക്കിയുള്ള 445 അപേക്ഷകളിന്മേൽ ഇ.എഫ്.എൽ അവകാശ തർക്ക പരിഹാര സമിതി മുഖേന 126 അപേക്ഷകളിൽ അന്വേഷണം പൂർത്തിയായിട്ടുണ്ട്.

ഡി) എത്ര കർഷകർക്ക് ഭൂമി തിരികെ നൽകിയിട്ടുണ്ട് ;

ഡി) 14 കർഷകർക്ക് ഭൂമി തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു.

ഇ) എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട് ;

ഇ) നഷ്ടപരിഹാരം ആർക്കും നൽകിയിട്ടില്ല.

എഫ്) പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാത്ത വിധത്തിൽ അനുയോജ്യമായി കൃഷി ചെയ്യാൻ കർഷകരെ അനുവദിക്കാൻ തയ്യാറാകുമോ?

എഫ്) ഇ.എഫ്.എൽ നിയമപ്രകാരം 02.06.2000 മുതൽ സർക്കാരിൽ നിക്ഷിപ്തമാക്കപ്പെട്ടിട്ടുള്ള ഭൂമി കേരള വന നിയമം വകുപ്പ് 5 പ്രകാരം റിസർവ് വനത്തിന്റെ സ്റ്റാറ്റസിലുള്ളതിനാൽ ടി ഭൂമിയിൽ വനേതര പ്രവർത്തനങ്ങൾ അനുവദനീയമല്ല.

സെക്ഷൻ ഓഫീസർ